നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചു കൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന് നടപടി**

137(151) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കരകൗശല മേഖലയിലും ബീഡി നിർമ്മാണ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ടവർ ഈ മേഖലയിൽ കടന്നുവരുന്നതിന് വൈമുഖ്യം കാണിക്കുന്നതാണ് ഇതിനുകാരണം. ഈറ്റ തൊഴിലാളികളുടെയും പന ഉൽപന്ന വികസന മേഖലയിലെ തൊഴിലാളികളുടേയും ഖാദി മേഖലയിലെ തൊഴിലാളികളുടേയും കൈത്തറി വസ്ത്ര മേഖലയിലെ തൊഴിലാളികളുടേയും എണ്ണത്തിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കയർ വ്യവസായ മേഖലയിൽ 2016-17-നും 2020-21-നും ഇടയിൽ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; പരമ്പരാഗത വ്യവസായ ങ്ങളിൽ യുവതലമുറയെ ആകർഷിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

&

(സി) പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉൽപ്പന്നങ്ങളിലേയ്ക്ക് വൈവിദ്ധ്യ വൽക്കരിക്കാനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കയർ, കശുവണ്ടി കൈത്തറി മേഖലയിൽ ആധുനിക യന്ത്രസാമഗ്രികൾ ഘടിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി യുവതലമുറയെ പരമ്പരാഗത വ്യവസായ ങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly